(Pages : 4) **M – 2522**

**Reg. No. : .............................**

**Name : ..................................**

## Second Semester B.A./B.Sc./B.Com. Degree Examination, December 2021

## Career Related First Degree Programme under CBCSS

## Language Course IV – Additional Language – Malayalam

## ML 1211.3 : ദൃശ്യകലാസാഹിത്യം

## (2020 Admission - Regular)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മഹാഭാരതത്തിലെ ഏതു പർവ്വത്തിലാണു കല്യാണസൗഗന്ധികത്തിന്റെ ഇതിവൃത്തമുള്ളത്?

2. രാമനാട്ടം ആവിഷ്കരിച്ചതാര്?

3. കൈരളിയുടെ കഥ രചിച്ചതാര്?

4. പത്മരാജന്റെ തിരക്കഥ രചിച്ച ആദ്യചിത്രം ഏത്?

5. കേരളത്തിന്റെ ശാകുന്തളം എന്നു വിശേഷിപ്പിക്കപ്പെട്ട കൃതിയേത്?

6. മാധവൻ നായരുടെ മൂത്ത മകളുടെ പേരെന്ത്?

7. ഓരോരോ കാലത്തിലും എന്ന നാടകം രചിച്ചതാര്?

8. ആദ്യത്തെ തുള്ളൽക്കഥയായി കണക്കാക്കപ്പെടുന്നതേത്?

P.T.O.

9. സിനിമയുടെ ബ്ലൂപ്രിന്റ് എന്നറിയപ്പെടുന്നതെന്ത്?

10. മലയാളത്തിലെ ആദ്യ രാഷ്ട്രീയനാടകമായി അറിയപ്പെടുന്നത് ഏത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. മണലിൽ നിന്ന് കയറുപിരിക്കാനൊക്കുമോ കുഞ്ഞേ? സൂചിതം വ്യക്തമാക്കുക.

12. മുദിതം മാനസം മമ - പറഞ്ഞതാര്? കാരണമെന്ത്?

13. പഥ്യമല്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ - സന്ദർഭവും ആശയവും വ്യക്തമാക്കുക.

14. മാധത്തിനെങ്ങനെയെങ്കിലും ഇതൊന്ന് ഒഴിവാക്ക്യാമതിയായിരുന്നു - ആരാണു മാധം? കാരണമെന്ത്?

15. യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം - സന്ദർഭവും ആശയവും വ്യക്തമാക്കുക.

16. ഈ നാട്ടീവച്ച് ഈ തടിയനെ മലർത്തിയടിച്ചില്ലേൽ എന്റപ്പൻ വേറെയാ! - പറഞ്ഞതാര്? കാരണമെന്ത്?

17. എനിക്കു ജീവിക്കണം. മരിച്ചതു ധാരാളം മതി - പറഞ്ഞതാര്? സന്ദർഭം വ്യക്തമാക്കുക.

18. അതിദുഃഖകാരണമിന്നാരാമസഞ്ചരണം - കാരണമെന്ത്?

19. അന്യഗ്രഹത്തിലെ ഗർഭിണിക്ക് ഭൂമിയിൽ നിന്നുള്ള സ്നേഹോപഹാരമല്ലേ - എന്ത്? സന്ദർഭം വ്യക്തമാക്കുക.

20. പ്രശ്നനാടകത്തിന്റെ സവിശേഷതയെന്ത്?

21. തവ വാചികം അഴൽമോചകം - ആര് ആരോടു പറയുന്നു? കാരണമെന്ത്?

22. രണ്ടുഭാവം നിനക്കുണ്ടാക വേണ്ടെടോ! സന്ദർഭവും ആശയവും വ്യക്തമാക്കുക.

23. തുള്ളൽ എത്രവിധം? ഏതെല്ലാം? കല്യാണസൗഗന്ധികം ഏതു വിഭാഗത്തിൽപ്പെടുന്നു?

24. പണ്ടാരടങ്ങാൻ, ഇതൊന്നു തീർന്നു കിട്ട്യാ മതിയായിരുന്നു. പറഞ്ഞതാര്? സൂചിതമെന്ത്?

25. രത്നമെല്ലാം നിനക്കുള്ളൂ യജ്ഞമേ ദേവന്മാർക്കുള്ളൂ. സൂചിതം വ്യക്തമാക്കുക.

26. അത് എല്ലാ ഫയൽമാന്റേം വിധിയാ. ഏത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നര**പ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ദ്രുപദനന്ദിനിയുടെ വാക്കുകളോടു ഭീമൻ പ്രതികരിച്ചതെങ്ങനെ?

28. രാധ - കഥാപാത്രനിരൂപണം തയ്യാറാക്കുക.

29. നല്ല/ചീത്ത ദ്വന്ദ്വത്തെ ലേബർ റൂമിൽ പ്രശ്നവത്കരിക്കുന്നതെങ്ങനെ?

30. ഗുണവുമനവധി ദോഷമായിതു. പറഞ്ഞതാര്? കാരണമെന്ത്?

31. എൻ. കൃഷ്ണപിള്ളയ്ക്കു നാടകചരിത്രത്തിലുള്ള സ്ഥാനമെന്ത്?

32. തൽപ്രദേശം മഹാഘോരം വനാന്തരം - ഭീമൻ കണ്ട കാഴ്ചകൾ എന്തെല്ലാം?

33. എടാ, കണ്ണില്ലാത്ത ദൈവമേ! നീ എന്റെ മൺകുടിൽ തകർത്തു കളഞ്ഞല്ലോ? - സൂചിതം വ്യക്തമാക്കുക.

34. ശിവൻപിള്ള എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ ഏവ?

35. ദൂതനെന്ന നിലയിലുള്ള ഹംസത്തിന്റെ സാമർത്ഥ്യം പരിശോധിക്കുക.

36. തിരക്കഥ എന്നാലെന്ത്? തിരക്കഥയ്ക്കു ചലച്ചിത്രത്തിലുള്ള സ്ഥാനമെന്ത്?

37. ചലച്ചിത്രവും നാടകവും തമ്മിലുള്ള വൈജാത്യങ്ങൾ വ്യക്തമാക്കുക.

38. ''ഗോവാലകൃഷ്ണനെപ്പോലെ, എന്തിനാ അമ്മേ, കാര്യം നേടാൻ അതുവിതും പറേന്നേ?'' സൂചിതം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. സ്ത്രീനാടകം എന്ന വിശേഷണത്തിന് ലേബർ റൂം അർഹമാണോ? സമർത്ഥിക്കുക.

40. ഭീമന്റെ വനയാത്രയെ നമ്പ്യാർ വർണ്ണിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.

41. ഗോദയിൽ വിജയിക്കുകയും ജീവിതത്തിൽ പാരാജയപ്പെടുകയും ചെയ്യുന്ന മനുഷ്യാവസ്ഥയുടെ ദുരന്തം പത്മരാജൻ ആവിഷ്കരിക്കുന്നതെങ്ങനെ?

42. പാത്രസൃഷ്ടിയിൽ ഉണ്ണായിവാര്യർ പ്രകടിപ്പിക്കുന്ന കൃതഹസ്തത പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

43. ഭഗ്നഭവനം എന്ന പേരിന്റെ ഔചിത്യം ഇതിവൃത്തവിശകലനത്തിലൂടെ സ്ഥാപിക്കുക.

44. കേരളത്തിന്റെ ദൃശ്യകലാപാരമ്പര്യം - ഉപന്യസിക്കുക.

**(2 × 15 = 30 Marks)**